പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2138 07/03/2017-ൽ മറുപടിക്ക്

## കാസർഗോഡ് ജനറൽ ആശുപത്രിയിലെ സൌകര്യങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എൻ .എ.നെല്ലിക്കുന്ന്** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) | കാസർഗോഡ് ജനറൽ ആശുപത്രിയിൽ ബ്ലഡ് ബാങ്ക് ഉച്ചവരെ മാത്രം പ്രവർത്തിച്ചിരുന്നതിനുള്ള കാരണമെന്തായിരുന്നു എന്ന് വ്യക്തമാക്കാമോ; | എ) | കാസർഗോഡ് ജനറൽ ആശുപത്രിയിൽ അനുവദിക്കപ്പെട്ട ഏക ബ്ലഡ് ബാങ്ക് ടെക്നീഷ്യന്റെ തസ്തിക വർഷങ്ങളായി ഒഴിഞ്ഞ് കിടക്കുകയാണ്. താൽക്കാലികമായി നിയമിക്കപ്പെട്ട ലാബ് ടെക്നീഷ്യന്മാർ ജോലി ഉപേക്ഷിച്ചു പോയതിനാലാണ് ഉച്ചയ്ക്ക് 2 മണി മുതൽ രാത്രി 8 മണി വരെയുള്ള ഷിഫ്റ്റ് ഒഴിവാക്കിയത്. രാവിലെ 8 മണി മുതൽ 2 മണി വരെയും രാത്രി 8 മണി മുതൽ അടുത്ത ദിവസം രാവിലെ വരെയും ബ്ലഡ് ബാങ്ക് പ്രവർത്തിച്ചിരുന്നു. 18/01/2017 മുതൽ ബ്ലഡ് ബാങ്ക് 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. |
| ബി) | ഇപ്പോൾ ബ്ലഡ് ബാങ്ക് എത്ര മണിക്കൂറാണ് പ്രവർത്തിക്കുന്നത്; ഇരുപത്തിനാലുമണിക്കൂറും ബ്ലഡ് ബാങ്ക് പ്രവർത്തിക്കുന്നതിനു നടപടി സ്വീകരിക്കുമോ; | ബി) | 18/01/2017 മുതൽ ബ്ലഡ് ബാങ്ക് 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. |
| സി) | ഐ.സി.യു.വിലെ വെന്റിലേറ്റർ ദിവസങ്ങളോളം പ്രവർത്തനരഹിതമായിരുന്നെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ദിവസങ്ങളോളം ഉപയോഗയോഗ്യമല്ലാതിരുന്നിട്ടും വെന്റിലേറ്റർ നന്നാക്കാൻ പറ്റാത്തത് എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കാമോ; | സി) | ബയോ മെഡിക്കൽ ഉപകരണങ്ങൾ നന്നാക്കാൻ കരാർ എടുത്തിട്ടുള്ള കിർലോസ്കർ കമ്പനി വെന്റിലേറ്റർ നന്നാക്കാനുള്ള തീവ്ര ശ്രമത്തിലാണ്. |
| ഡി) | കാസർഗോഡ് ജനറൽ ആശുപത്രിയിലെ ഐ.സി.യു. അടക്കം പ്രധാന വിഭാഗങ്ങൾ ഇപ്പോൾ പ്രവർത്തനക്ഷമമാണോ? | ഡി) | പ്രധാന വിഭാഗങ്ങൾ എല്ലാം തന്നെ പ്രവർത്തനക്ഷമമാണ്. |

സെക്ഷൻ ഓഫീസർ